# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.490

26.04.2017-ൽ
മറുപടിയ്ക്ക്

## റാന്നിക്ക് അനുവദിച്ച കിൻഫ്ര അപ്പാരൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
| എ) റാന്നിക്ക് അനുവദിച്ച കിൻഫ്ര അപ്പാരൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കമോ; | എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17/7/2014-ൽ ബഹു.വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഇതേ തുടർന്നാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്. |
| ബി) അപ്പാരൽ പാർക്കിനായി റാന്നി ഉതിമൂട്ടിൽ എത്ര സ്ഥലമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്; സ്ഥലം ഏറ്റെടുക്കുമ്പോൾ റവന്യൂ വകുപ്പുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 1/3/2011 ലെ സ.ഉ. (എം.എസ്) നം.135/2011/റവന്യൂ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി കിൻഫ്രക്ക് പാട്ടത്തിനു നല്കിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) എത്ര രൂപയാണ് ഇതിന് പാട്ടത്തുകയായി പ്രതിവർഷം അടയ്ക്കേണ്ടത്; എന്നാണ് ഭൂമി ഏറ്റെടുത്തത്; നാളിതുവരെയുള്ള പാട്ടത്തുക അടയ്ക്കുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ; ഓരോ വർഷവും പാട്ടത്തുക റവന്യൂവിൽ അടച്ച തീയതി ലഭ്യമാക്കുമോ; | സി) പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി അടച്ചിട്ടുള്ളത്. 2011 ലാണ് ഭൂമി ഏറ്റെടുത്തത്. പാട്ടത്തുക അടച്ച തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | തീയതി |
|---|---|
| 2011-12 | 08/08/2011 |
| 2012-13 | 23/07/2012 |

...2

| | |
|---|---|
| 2013-14 | 06/06/2015 |
| 2014-15 | |
| 2015-16 | |
| 2016-17 | 22/03/2016 |
| 2017-18 | 15/04/2017 |

ഡി) ഈ ഭൂമിയിൽ അപ്പാരൽ പാർക്ക് അല്ലാതെ മറ്റെന്തെങ്കിലും ആരംഭിക്കാൻ പാട്ടക്കരാർ തടസ്സമാകുമോ; ഇല്ലായെങ്കിൽ എന്ത് വ്യവസായമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**ഡി)** സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ആവശ്യത്തിന് മാത്രമെ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ എന്നതാണ് വ്യവസ്ഥ. അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിലാണ് ഭൂമി നല്കിയിട്ടുള്ളത്. ആയതിനാൽ മറ്റെന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ ടി ഉത്തരവിൽ ഭേദഗതി ആവശ്യമാണ്.

ഇ) മറ്റെന്തെങ്കിലും ആരംഭിക്കാൻ കരാറനുസരിച്ച് തടസ്സം ഉണ്ടെങ്കിൽ കരാർ പ്രകാരമുള്ള വസ്ത്ര വ്യവസായ യൂണിറ്റ് തന്നെ സ്ഥാപിക്കാനോ അല്ലെങ്കിൽ കരാർ വ്യവസ്ഥയിൽ മാറ്റം വരുത്താനോ ആയി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**ഇ)** നിലവിലെ കരാർ അനുസരിച്ച് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനാണ് ഭൂമി നല്കിയിട്ടുള്ളത്. ആയതിനാൽ അപ്പാരൽ പാർക്കിനു പകരം മറ്റ് വ്യവസായങ്ങൾക്കായി ഭൂമി ഉപയോഗിക്കണമെങ്കിൽ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആയത് ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

റവന്യൂ വകുപ്പ് - പത്തനംതിട്ട ജില്ല - റാന്നി വില്ലേജ് - സർവ്വേ നം. 517/ഹി1ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കമ്പോള വിലയുടെ 2% നിരക്കിൽ വാർഷിക പാട്ടത്തുക ഈടാക്കിക്കൊണ്ട് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് കിൻഫ്രയ്ക്ക് പാട്ടത്തിന് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എ)വകുപ്പ്

സ.ഉ.(എം.എസ്) നം. 135/2011/റവന്യൂ

തിരുവനന്തപുരം, തീയതി: 01/03/2011

പരാമർശം:- ലാന്റ് റവന്യൂ കമ്മീഷണറുടെ 04/12/2010ലെ എൽ.ആർ.കെ2-38927/10 നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ റാന്നി വില്ലേജിൽ സർവ്വേ. നം. 517/ഹി1-ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കിൻഫ്ര അപ്പാരൽ പാർക്കിനുവേണ്ടി കൈമാറുന്നത് സംബന്ധിച്ച ഭൂമി കൈമാറ്റ നിർദ്ദേശം മേൽ പരാമർശം പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചു.

2. പരാമർശ വസ്തു റീസർവ്വേ ബ്ലോക്ക് 6 ൽ ഫീൽഡ് നം. 528 ൽ 46,515 സെന്റും 571 ൽ 94.045 സെന്റും ഉൾപ്പെടെയുള്ള 1.40.558 ഏക്കർ ഭൂമിയാണെന്നും ബി.റ്റി.ആർ പ്രകാരം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു. പ്രസ്തുത വസ്തുവിന് ആർ ഒന്നിന് 21,853/- രൂപാ നിരക്കിൽ 1.40.558 ഏക്കർ ഭൂമിക്ക് 12,42,780/- രൂപ (പന്ത്രണ്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി എഴുന്നൂറ്റി എൺപത് രൂപാ മാത്രം) കമ്പോള വിലയായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി വില്ലേജിൽ സർവ്വേ നം. 517/ഹി1-ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കമ്പോള വിലയായ 12,42,780/- രൂപയുടെ 2% നിരക്കിൽ വാർഷിക പാട്ടത്തുക ഈടാക്കിക്കൊണ്ട് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കിൻഫ്രയ്ക്ക് പാട്ടത്തിന് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു: -

1. പ്രസ്തുത ഭൂമിയിൽ നില്ക്കുന്ന മരങ്ങൾ സംരക്ഷിക്കേണ്ടതാണ്. മരങ്ങൾ മുറിച്ചു മാറ്റേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ അനുവാദം വാങ്ങുകയും, മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം

വൃക്ഷത്തൈകൾ നടുകയും ചെയ്യേണ്ടതാണ്.

2. അനുവദിച്ച ആവശ്യത്തിനുമാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ.
3. അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടതും അല്ലാത്ത പക്ഷം ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.
4. മൂന്ന് വർഷം കൂടുമ്പോൾ പാട്ടം പുതുക്കേണ്ടതാണ്.
5. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ പാട്ടം അടക്കേണ്ടതാണ്.
6. ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാൻ പാടില്ല.
7. ഭൂമി കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കേണ്ട ചുമതല KINFRA-യ്ക്കാണ്.
8. പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നല്കുവാനോ, തറവാടകയ്ക്ക് നല്കുവാനോ, അന്യാധീനപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.
9. മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കപ്പെടുകയാണെങ്കിൽ ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.

പത്തനംതിട്ട ജില്ലാ കളക്ടർ ഇത് സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. നിവേദിത പി.ഹരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, പത്തനംതിട്ട
4. സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്ക്
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
6. ജലവിഭവ വകുപ്പ്
7. ധനകാര്യവകുപ്പ്
8. പൊതുഭരണ (എസ്.സി) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ